പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2420 **27-10-2026-ൽ മറുപടിയ്ക്ക്**

110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

(എ) ഒറ്റശേഖരമംഗലം കേന്ദ്രമാക്കി 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെയും കെ.എസ്.ഇ.ബി.-യുടെയും പരിഗണനയിലുണ്ടോ; പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി, ആകെ എസ്റ്റിമേറ്റ് തുക, ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

മറുപടി: ഒറ്റശേഖരമംഗലത്ത് 110 kV സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്. ടി പദ്ധതിയുടെ എസ്റ്റിമേറ്റ് തുകയായ 26 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതിക്കായുള്ള എസ്റ്റിമേറ്റ് ബോർഡിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി കണ്ടെത്തുന്നതിനും ഏറ്റെടുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ, ഭൂമിയുടെ വിസ്തീർണം, ഉടമസ്ഥാവകാശം, ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ;

മറുപടി: പ്രസ്തുത സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി കണ്ടെത്തുന്നതിനും ഏറ്റെടുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ, കാട്ടാക്കട താലൂക്കിൽ, കീഴാറൂർ വില്ലേജിൽ, ഉൾപ്പെട്ട 0.6162 ഹെക്ടർ ഭൂമി നെഗോഷിയേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണനയിലാണ്. പ്രസ്തുത വസ്തുവിന്റെ വിസ്തീർണ്ണം , ഉടമസ്ഥാവകാശം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ നിർമാണം ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; പദ്ധതി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന സമയക്രമം വ്യക്തമാക്കുമോ?

മറുപടി: ഒറ്റശേഖരമംഗലത്ത് 110 kV സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി 6 KM വൈദ്യുതി ലൈൻ നിർമ്മിക്കേണ്ടതുണ്ട്. ആയതിലേയ്ക്ക് 20 ടവറുകൾ സ്ഥാപിച്ച് 110 കെ.വി കാട്ടാക്കട പാറശ്ശാല No.II ഫീഡറിൽ നിന്നും LILO (Line In Line Out) ആയി ലൈൻ നിർമ്മാണം പൂർത്തീകരിക്കണം. ലൈൻ നിർമ്മാണത്തിനുള്ള റൂട്ട് കണ്ടെത്തി അനുമതി ലഭ്യമാക്കിയിട്ടുണ്ട് . ടവറുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ കണ്ടെത്തി, ടവറുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയുള്ള വിശദമായ എസ്റ്റിമേറ്റ്

തയ്യാറായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയായാൽ ഉടൻ തന്നെ ടെണ്ടറുകൾ വിളിച്ച് പ്രവൃത്തി ആരംഭിക്കാവുന്നതാണ്. പദ്ധതി 2030-ഓടെ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ഓഫീസർ

അനുബന്ധം

ഒറ്റശേഖരമംഗലത്ത് 110 kV സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി ഏറ്റെടുക്കുന്ന സ്ഥലങ്ങളുടെ ഉടമകളുടെ വിവരങ്ങൾ

നമ്പർ	പേരും മേൽവിലാസവും	ബ്ലോക്ക് നമ്പർ	സർവ്വേ നമ്പർ	വില്ലേജ്	സെന്റ്
1	വിദ്യാധരൻ. വി, ഇടവൽ, ഒറ്റശേഖരമംഗലം	27	461/11-1	കീഴാറൂർ	32.5
2	വിനയജിത്ത് . വി. ആർ, ഇടവൽ, ഒറ്റശേഖരമംഗലം	27	461/11-2	കീഴാറൂർ	10.55
3	ശ്രീ. പ്രസാദ്. പി, തിരുവഞ്ചിക്കുളം, കൊടുങ്ങല്ലൂർ പി.ഓ	27	461/12	കീഴാറൂർ	32.1
4	അനിൽകുമാർ. ബി സൂര്യപുരം, ചെമ്മൂർ ഒറ്റശേഖരമംഗലം	27	461/13	കീഴാറൂർ	54.12
5	സ്വപ്ന. വി, സനൽകുമാർ. ടി, സ്നേഹതീരം പുല്ലച്ചൽകോണം ഒറ്റശേഖരമംഗലം	27	461/12-1	കീഴാറൂർ	17
6	അനിൽകുമാർ. ആർ, ലവ് ലൈക്ക്, ഇടവൽ, ഒറ്റശേഖരമംഗലം	27	461/12-2	കീഴാറൂർ	6.01